പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.722 — 11.06.2014-ൽ മറുപടിയ്ക്ക്

## കല്യാശ്ശേരി ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന് കീഴിലുള്ള കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | (എ) | ആരോഗ്യ വകുപ്പിന് കീഴിലുള്ള കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ (പിലാത്തറ) പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനായി 75 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി യ്ക്ക് നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പി.ഡബ്ല്യു.ഡി 455 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സാങ്കേതിക അനുമതി നൽകുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർക്കിന് ആവശ്യമായ ഫണ്ട് പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ